## കേരളസർക്കാർ
### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - പാലക്കാട് അസിസ്റ്റന്റ് ഡവലപ്‌മെന്റ് കമ്മീഷണർ (ജനറൽ) ആയിരുന്ന ശ്രീ.വി.എം.അബ്ദുൾ കാജയെ ഗ്രാമവികസന കമ്മീണർ സസ്പെന്റ് ചെയ്തത് - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 1045/2014/തസ്വഭവ, തിരുവനന്തപുരം,തീയതി,28.04.2014**

---

പരാമർശം:- 1. സ.ഉ.(സാധാ) നമ്പർ.404/2014/തസ്വഭവ തീയതി 13.02.2014.
2. ഗ്രാമവികസന കമ്മീഷണറുടെ 03.03.2014 തീയതിയിലെ 1718/എസ്റ്റാഎ1/2014/സിആർഡി നമ്പർ നടപടിക്രമം.
3. ഗ്രാമവികസന കമ്മീഷണറുടെ 04.03.2014ലെ 1718/എസ്റ്റാഎ1/2014/സിആർഡി നമ്പർ കത്ത്.

### <u>ഉത്തരവ്</u>

പാലക്കാട് അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ) ആയിരുന്ന ശ്രീ.വി.എം.അബ്ദുൾ കാജയെ 2014 ലോക്സഭ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ) ആയും ധർമ്മടം (012) നിയമസഭാ നിയോജക മണ്ഡലത്തിന്റെ അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറായും നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ശ്രീ.വി.എം.അബ്ദുൾ കാജ 15.02.2014 മുതൽ 30 ദിവസത്തേക്ക് കമ്മ്യൂട്ടഡ് ലീവിന് അപേക്ഷിക്കുകയും, പ്രസ്തുത അപേക്ഷയിൽ അവധി അനുവദിക്കുന്നതിന് മുൻപ് അവധിയിൽ പ്രവേശിക്കുകയും ചെയ്തു. തുടർന്ന് ദേശീയ പ്രാധാന്യമുള്ള പൊതു തെരഞ്ഞെടുപ്പിൽ നിയമിക്കപ്പെട്ട ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ ടിയാളുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപവും, ഇലക്ഷൻ കമ്മീഷനോടുള്ള ധിക്കാരപരമായ സമീപനവും കണക്കിലെടുത്ത് ടിയാനെ ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും (സർക്കാർ സാധൂകരണത്തിന് വിധേയമായി) സസ്പെന്റ് ചെയ്യുകയുണ്ടായി. ശ്രീ.വി.എം.അബ്ദുൾ കാജയെ സസ്പെന്റ് ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2014 ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ശ്രീ.വി.എം.അബ്ദുൾ കാജയെ സസ്പെന്റ് ചെയ്ത ഗ്രാമവികസന കമ്മീഷണറുടെ നടപടിക്ക് സാധൂകരണം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.എൽ.സുരേഷ്കുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.വി.എം .അബ്ദുൾ കാജ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട് (ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ഇലക്ടറൽ ഓഫീസർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ/പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തൃശ്ശൂർ
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ/പാലക്കാട്
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ